ഭൂജലം അനിയന്ത്രിതമായി ചൂഷണം ചെയ്തുവരുന്ന സ്ഥലങ്ങളെ സംബന്ധിച്ച് പഠനം

70 [251] *ശ്രീ. വി. ചെന്താമരാക്ഷൻ:*
,, കെ. വി. കുഞ്ഞിരാമൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലം അനിയന്ത്രിതമായി ചൂഷണം ചെയ്തുവരുന്ന സ്ഥലങ്ങളെ സംബന്ധിച്ച് കേന്ദ്ര ഭൂജല ബോർഡ് പഠനം നടത്തി റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് നൽകാറുണ്ടോ;

(ബി) ഏറ്റവും ഒടുവിൽ ലഭിച്ച റിപ്പോർട്ട് സംസ്ഥാന ജലവിഭവവകുപ്പ് പരിശോധിക്കുകയുണ്ടായോ;

(സി) റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; അവ നടപ്പിലാക്കിയിട്ടുണ്ടോ; ഭൂജല അതോറിറ്റി ഭൂജല ചൂഷണം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) കേന്ദ്ര ഭൂജല ബോർഡ് റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ വെളിപ്പെടുത്താമോ;

(ഇ) അനിയന്ത്രിതമായി ഭൂജലചൂഷണം നടന്നുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങൾ ഏതൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുകയുണ്ടായി.

(സി) 1999-ൽ ആണ് അവസാനമായി ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ നടത്തിയത്. 2004-ൽ ഈ റിപ്പോർട്ട് പുനഃപരിശോധിച്ച് ഭൂജല ഉപഭോഗത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് പുതിയ റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. ടി റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്ര ഭൂജല ബോർഡ്, കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയാണ്.

ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതിനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിനായി 15-1-2004-ൽ 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരമുള്ള ഭൂജലഅതോറിറ്റി നിലവിൽ വന്നു. ഭൂജലവികസനത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനും വേണ്ടി ക്രമരഹിതമായി ഭൂജലം ചൂഷണം ചെയ്യുന്ന പ്രദേശങ്ങളിൽ വിജ്ഞാപനം ചെയ്തു. ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ, പൊതുകുടിവെള്ള സ്രോതസ്സുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം ഇവയാണ് അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഭൂജല അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്തെ കിണറുകളുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയുള്ളൂ.

(ഇ) 2004-ലെ കണക്കുപ്രകാരം തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, പാലക്കാട് ജില്ലയിലെ പിറ്റൂർ, കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, കാസറഗോഡ് ജില്ലയിലെ കാസറഗോഡ്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, എന്നീ ബ്ലോക്കുകൾ ''ഓവർ എക്സ്പ്ലോയിറ്റഡ്'' വിഭാഗത്തിൽപ്പെടുന്നു. മറ്റ് 15 ബ്ലോക്കുകളെ ''ക്രിട്ടിക്കൽ'' വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്വജൽധാരാ പദ്ധതിക്ക് ലഭ്യമായിട്ടുള്ള കേന്ദ്രവിഹിതം

71 [252] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വജൽധാരാ പദ്ധതിക്കായി 2004-2005, 2005-2006 വർഷങ്ങളിൽ ലഭ്യമായിട്ടുള്ള കേന്ദ്ര വിഹിതം എത്രയാണ്;

(ബി) മറ്റ് ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് ലഭിക്കുന്ന വിഹിതം വളരെക്കുറവാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) നമ്മുടെ സംസ്ഥാനത്തെ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ വിഹിതം കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സ്വജൽധാരാ പദ്ധതിക്കായി 2004-2005, വർഷത്തിൽ സംസ്ഥാനത്തിന് 492.54 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 75% തുക ആദ്യഗഡുവായി ലഭിച്ചിട്ടുണ്ട്. 2005-2006 വർഷത്തിലേക്കുള്ള കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.

(ബി) മറ്റ് ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് ലഭിക്കുന്ന വിഹിതം കുറവാണെന്ന് ബോദ്ധ്യമായിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് കേന്ദ്രവിഹിതമായി കുടിവെള്ളമേഖലയ്ക്ക് ലഭിക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly